ശ്രീമതി ശോഭനാ ജോർജ്ജ് : യുവജനക്ഷേമ പദ്ധതികൾ തയ്യാറാക്കുന്നതിൽ യുവാക്കളെ പ്രൊജക്ടുചെയ്ത് കൊണ്ടുപോകുന്നതേ കണ്ടിട്ടുള്ളൂ. യുവജനമെന്നുപറയുമ്പോൾ അതിൽ യുവാക്കളും യുവതികളും വരുന്നുണ്ട്. അതുകൊണ്ട് കേരളത്തിലെ പെൺകുട്ടികളുടെ ഉന്നമനത്തിനായി പ്രയോജനപ്പെടുന്ന എന്തെങ്കിലും പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ? രണ്ടായിരാമാണ്ടിലേക്ക് വരികയാണ്. സ്ത്രീകളുടെ കാലംവരികയാണ്. അതുകൊണ്ട് അവർക്ക് കൂടുതൽ പ്രയോജനം വരുന്ന എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പുലി വരുന്നേ പുലി വരുന്നേ എന്ന് പറഞ്ഞ് പേടിപ്പിക്കുന്നതുപോലെയാണ് പറഞ്ഞത്. യുവജനക്ഷേമവകുപ്പിന്റെ കീഴിൽ തീർച്ചയായിട്ടും യുവതികളുടെ കാര്യംകൂടി പരിഗണിക്കുന്നതാണ്. യുവജനക്ഷേമവകുപ്പിന്റെ എക്സ്പെർട്ട് കമ്മിറ്റിയിൽ യുവതികളുണ്ട്. പക്ഷേ യുവതികൾ ആ രംഗത്തേക്ക് കൂടുതലായി വന്നില്ലെന്നാണ് ആ എക്സ്പെർട്ട് കമ്മിറ്റിയിലെ അംഗങ്ങൾ പറയുന്നത്. തീർച്ചയായിട്ടും യുവതികളുടെ കാര്യം പരിഗണിക്കുന്നതും അവരുടെ കാര്യത്തിൽ താൽപ്പര്യമെടുക്കുന്നതുമാണ്.

(b) അടിയന്തിര ചോദ്യത്തിന്റെ ഉത്തരം

6 (1) മലബാർ മേഖലയിലെ കോളേജുകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ, പ്രത്യേകിച്ച് കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ആവശ്യമായ അദ്ധ്യാപകരില്ലാത്തതിനാൽ വിദ്യാർത്ഥികൾ നടത്തുന്ന സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ എത്ര അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ ഒഴിവുകളിലേക്ക് അദ്ധ്യാപകരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) വിദ്യാർത്ഥികൾ ധർണ്ണ നടത്തിയതായും 22.12.99-ൽ ക്ലാസ് ബഹിഷ്കരിച്ചതായും കോളേജ് പ്രിൻസിപ്പൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള തസ്തികകളും ഒഴിവുകളും സംബന്ധിക്കുന്ന വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

ആകെ തസ്തികകൾ	-	103
സ്ഥിരം അദ്ധ്യാപകർ ജോലി നോക്കുന്നത്	-	53
ഗസ്റ്റ് ലക്ചറർമാർ ജോലി നോക്കുന്നവ	-	37

LIBRARY ARCHIVES Kerala Legislative Assembly

കോളേജിന്റെ വർക്ക്‌ലോഡ് പ്രകാരം

അധികമെന്ന് കണ്ടെത്തിയ തസ്തികകൾ - 8

ഒഴിഞ്ഞ് കിടക്കുന്നവ - 5

(സി) പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർപെടുത്തുന്നതിന്റെ ഭാഗമായി നിലവിൽവന്ന പ്രീഡിഗ്രി അബോളിഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പുതിയ നിയമനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് താൽക്കാലിക നിയമനം (ഗസ്റ്റ് ലക്ചറർ) നടത്തുന്നതിന് എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും അനുവാദം നൽകിയിട്ടുണ്ട്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : മലബാർ മേഖലയിലെ വിവിധ കോളേജുകളിൽ ലക്ചറർ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. വിവിധ കോളേജുകളിൽ ഇതുസംബന്ധിച്ച് വിദ്യാർത്ഥികൾ സമരം നടത്തിയിട്ടുണ്ട്. നിലവിലുള്ള അദ്ധ്യാപകരിൽത്തന്നെ നല്ലൊരു ശതമാനം ഗസ്റ്റ് ലക്ചറർമാരാണ്. സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : പ്രീഡിഗ്രി അബോളിഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഇവിടെ നിയമനം നടത്തുന്നതിൽ ചില നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാൻ പ്രിൻസിപ്പൽമാർക്ക് അധികാരം കൊടുത്തിരിക്കുകയാണ്. ഈ കോളേജിൽത്തന്നെ 5 തസ്തികകളേ ഒഴിഞ്ഞു കിടപ്പുള്ളൂ. അവിടെ 53 സ്ഥിരം അദ്ധ്യാപകരും 37 ഗസ്റ്റ് ലക്ചറർമാരുമുണ്ട്. ഒഴിവുള്ള തസ്തികയിൽ നിയമനം നടത്താൻ പ്രിൻസിപ്പലിന് പൂർണ്ണമായ അധികാരമുണ്ട്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : സർ, ഗസ്റ്റ് ലക്ചറർമാരുടെ സേവനം ഒഴിവാക്കി സ്ഥിരമായ അദ്ധ്യാപകരെ നിയമിക്കുന്നതാണ് പ്രശ്നം. പ്രീ-ഡിഗ്രി അബോളിഷൻ ആക്ട് പ്രകാരം പുതിയ നിയമനം നടത്താൻ നിയന്ത്രണമേർപ്പെടുത്തിയതുകാരണമാണ് കോളേജുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ കഴിയാതെ വന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞു. ഈ നിയന്ത്രണം തുടരുന്നിടത്തോളംകാലം സർക്കാർ കോളേജുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ കഴിയുകയില്ല. ഇക്കാര്യം പരിഗണിച്ച് കോളേജുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഗവൺമെന്റ് നയപരമായി എടുത്ത ഒരു തീരുമാനമാണത്. ആകെയുള്ള വിദ്യാർത്ഥികളിൽ ഏതാണ്ട് പകുതിയോളം പ്രീ-ഡിഗ്രി വിദ്യാർത്ഥികളായിരുന്നു. പ്രീഡിഗ്രി നിറുത്തലാക്കുന്നതോടുകൂടി അത്രയും അദ്ധ്യാപകർ അധികമായിവരികയാണ്. മൂന്നുകൊല്ലത്തേയ്ക്ക് പുതിയ അദ്ധ്യാപകരെ നിയമിക്കാൻ പാടില്ല. കാരണം പ്രീഡിഗ്രി അബോളിഷനോടുകൂടി അത്രയും അദ്ധ്യാപകർ എക്സസ് വരും. അങ്ങനെ എക്സസ് വരുന്നവരെ അക്കോമഡേറ്റ് ചെയ്യേണ്ട പ്രശ്നം വരും. ഗവൺമെന്റ് പുതിയ നിയമനങ്ങൾ നടത്തിയാൽ അത്രയും അധികമായി വരും. അപ്പോൾ അതിനു വേണ്ടി ശമ്പളം കൊടുക്കേണ്ടതായി വരും. അതുകൊണ്ട് ഈ കാലയളവിൽ ഗസ്റ്റ് ലക്ചറേഴ്സിനെ നിയമിക്കുക. അതിന് എല്ലാ പ്രിൻസിപ്പൽമാരേയും ചുമതലപ്പെടുത്തിയിരിക്കുകയാണ്. വേറെ സെലക്ഷന്റെയൊന്നും പ്രശ്നമില്ല. പ്രിൻസിപ്പലിന് നിയമിക്കാം. ചുരുക്കം ചില പോസ്റ്റുകളിലാണ് ഈ കുറവു വന്നിട്ടുള്ളത്. ഈ കാര്യത്തിൽ ഗവൺമെന്റ് നയപരമായി എടുത്ത ഒരു തീരു

LIBRARY ARCHIVES Kerala Legislative Assembly

മാനമാണ്. അതല്ലെങ്കിൽ അധിക ബാദ്ധ്യത വരും. പ്രീഡിഗ്രി പരിപൂർണ്ണമായി കോളേജുകളിൽ നിന്ന് ഡീലിങ്ക് ചെയ്യുന്നതോടുകൂടി കുറേ അദ്ധ്യാപകർ മിച്ചം വരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെയാണ് നിയന്ത്രണമേർപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. ടി.എം. ജേക്കബ് : സർ, നമ്മുടെ സംസ്ഥാനത്ത് മലബാർ മേഖലയിൽ മാത്രമല്ല മറ്റു മേഖലകളിലും അദ്ധ്യാപകരുടെ ഒഴിവുകളുണ്ട്. ഈ ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം കിട്ടിവരുന്നതിന് കാലതാമസമുണ്ടാകുന്നു. അത് പരിഹരിക്കുന്നതിന് അടിയന്തിരമായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? സെക്കന്റ് ടേം തീരാൻ പോവുകയാണ്. ഇപ്പോഴും പല കോളേജുകളിലും തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അതിന് എന്താണ് മാർഗ്ഗം കണ്ടെത്തുന്നത്?

ശ്രീ. പി.ജെ. ജോസഫ് : സർ, ഇതിനായി ഒരു എമ്പവേർഡ് കമ്മിറ്റിയുണ്ട്. ആ എമ്പവേർഡ് കമ്മിറ്റി പരിശോധിച്ച് പ്രീഡിഗ്രി അബോളിഷനു ശേഷവും അവിടെ വേക്കൻസികൾ ഉണ്ടാകുമെന്നു കണ്ടാൽ നിയമനം നടത്താം. പ്രീഡിഗ്രി ഡീലിങ്കിംഗിനുശേഷവും വേക്കൻസികളുണ്ടായിരിക്കുമെന്ന് ബോദ്ധ്യപ്പെടുത്തിയാൽ അനുവാദം കൊടുക്കുന്നുണ്ട്. എമ്പവേഡ് കമ്മിറ്റി റഗുലറായി യോഗം കൂടുന്നുണ്ട്. അങ്ങനെ യൂണിവേഴ്സിറ്റി റെക്കമെന്റ് ചെയ്താൽ അതനുസരിച്ച് നിയമനം നടത്താം. അല്ലാത്ത തസ്തികളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുവാനുള്ള എല്ലാ അധികാരങ്ങളും പ്രിൻസിപ്പലിന് നൽകിയിട്ടുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാൻ പ്രിൻസിപ്പലിന് അധികാരം കൊടുത്തിട്ടുണ്ട്. പക്ഷേ ഗസ്റ്റ് ലക്ച്ചറർമാർ ദീർഘകാലം അവിടെ നിൽക്കുന്നില്ല. മാത്രമല്ല നല്ല കഴിവുള്ളവർ വരുന്നില്ല. അവരുടെ വേതനത്തിന്റെ കാര്യത്തിൽ ആകർഷകമായ ഒരു സമ്പ്രദായമല്ല നിലവിലുള്ളത്. അതുകൊണ്ട് അവരുടെ വേതന ഘടനകൂടി ആകർഷകമാക്കാനും പരിഷ്ക്കരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : ഗസ്റ്റ് ലക്ചറേഴ്സിന്റെ വേതനം കുറച്ചുകൂടി മെച്ചപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 20.12.99-ലെ നക്ഷത്രചിഹ്നമിടാത്ത 738-ാം നമ്പർ ചോദ്യത്തിന് ഉത്തരം 'എ' പിരിവിൽ എല്ലാ മന്ത്രിമാർക്കും പ്രതിപക്ഷനേതാവിനും ഔദ്യോഗിക പരിഗണനയിൽ വേണ്ടതായ സെക്യൂരിറ്റി നൽകുന്നുണ്ടെന്ന് പറഞ്ഞിരുന്നു. പ്രത്യേക സെക്യൂരിറ്റി ലഭിക്കുന്നവരുടെ പട്ടികയിൽ നിന്ന് ശ്രീ. എ.കെ. ആന്റണി (പ്രതിപക്ഷനേതാവ്) എന്ന ഭാഗം ഒഴിവാക്കി തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly